# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 92 07.08.2017- ൽ മറുപടിയ്ക്ക്

### പ്രവാസി പുനരധിവാസത്തിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ<br>ശ്രീ. എം. മുകേഷ്<br>ശ്രീ. പി.വി. അൻവർ | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |

| | ചോദ്യം | | മറുപടി |
| --- | --- | --- | --- |
| എ) | പത്ത് ലക്ഷത്തോളം മലയാളികൾ തൊഴിൽ എടുക്കുന്ന സൗദി അറേബ്യയിൽ സ്വദേശി വൽക്കരണം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പരിഷ്കരിച്ച നിതാഖത്ത് ഏർപ്പെടുത്തുന്നത് സംസ്ഥാനത്ത് സൃഷ്ടിക്കാനിടയുള്ള ആഘാതം വിലയിരുത്തിയിട്ടുണ്ടോ; | എ) യും ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടലിനായി അഭ്യർത്ഥിച്ചിട്ടുണ്ട്. |
| ബി) | തൊഴിൽ നഷ്ടഭീതിയിലായ പ്രവാസികളുടെ ആശങ്കയകറ്റാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ടുകൊണ്ട് ഏത് വിധത്തിലുള്ള ഇടപെടൽ സാധ്യമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | | |

സി) തൊഴിൽ നഷ്ട സാദ്ധ്യത ഏറെയുള്ളത് അവിദഗ്ധ തൊഴിലാളികൾക്കാണെന്നത് പരിഗണിച്ച് ഇത്തരക്കാരുടെ പുനരധിവാസത്തിന് ഉചിതമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

സി) ഉണ്ട്. തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും സുസ്ഥിര വരുമാനം കണ്ടെത്തുന്നതിനുമായി സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ഇവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി പ്രമുഖ ദേശസാൽകൃത ബാങ്കുകളുമായി ചേർന്ന് 20 ലക്ഷം രൂപ വരെ മൂലധനം ആവശ്യമായ പദ്ധതികൾക്ക് വായ്പ ലഭ്യമാക്കി വരുന്നു. പദ്ധതി തുകയുടെ 15 % മൂലധന സബ്സിഡിയായും 3% പലിശ സബ്സിഡിയായും നല്കിവരുന്നുണ്ട്.

ഡി) നിലവിൽ പ്രവാസി പുനരധിവാസത്തിന് കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നല്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഡി) നല്കുന്നില്ല.

സെക്ഷൻ ഓഫീസർ